## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2587 12.03.2020-ൽ മറുപടിയ്ക്ക്**

### വർക്കല മണ്ഡലത്തിൽ എക്സൈസ് വകുപ്പ് പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.വി.ജോയി | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ജനമൈത്രി എക്സൈസ് സ്ക്വാഡ് വർക്കല മണ്ഡലത്തിൽ എന്തെല്ലാം പരിപാടികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ജനമൈത്രി എക്സൈസ് സ്ക്വാഡ് വർക്കല മണ്ഡലത്തിൽ രൂപീകരിച്ചിട്ടില്ല. |
| (ബി) എക്സൈസ് വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. 2019 വർഷത്തിൽ "പേരേറ്റിൽ റസിഡന്റ്സ്" അസോസിയേഷൻ, കുന്നുവിള കോളനി, ചാരുമൂട് കോളനി, തേരിക്കൽ കുന്ന് കോളനി, വെന്നിക്കോട് കോളനി എന്നിവിടങ്ങളിൽ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. G.H.S.S നാവായിക്കുളം, G.H.S.S പള്ളിക്കൽ, G.H.S.S വെട്ടൂർ, G.H.S.S പകൽക്കുറി, ഹോളി ഇന്നസെന്റ് പബ്ലിക് സ്കൂൾ, എൽ.പി.എസ്. നാവായിക്കുളം, വി.പി.എം.മോഡൽ സ്കൂൾ ചെറുന്നിയൂർ, CHMM Arts & Science College ചാവർകോട് എന്നിവിടങ്ങളിൽ റാലികൾ ഉൾപ്പെടെയുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പേരേത്തിൽ ഗ്രന്ഥശാല, കുന്നുവിള കോളനി, വർക്കല മുൻസിപ്പൽ പാർക്ക് എന്നിവിടങ്ങളിൽ വിമുക്തി ജ്വാലയിൽ ലഹരി വിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ |

| | |
|---|---|
| | സന്ദേശ പ്രചരണാർത്ഥം വർക്കല താലൂക്ക് തല ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ചിട്ടുള്ളതാണ് |
| (സി) ടൂറിസം മേഖലയായ വർക്കലയിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും തടയുന്നതിനായി ശക്തമായ റെയിഡുകളും പരിശോധനകളും നടത്തി വരുന്നു. ടൂറിസം മേഖലകളിൽ ഷാഡോ എക്സൈസിന്റെ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പാപനാശം, വർക്കല ക്ലിഫ്, തിരുവമ്പാടി മുതലായ ബീച്ച് ഏരിയകളിൽ നിരന്തരമായ റെയിഡുകളും രഹസ്യ നിരീക്ഷണവും നടത്തി വരുന്നു. ഫോൺ/വാട്സ് ആപ്പ് മുഖാന്തിരവും ജനകീയ കമ്മിറ്റികളിലും ലഭിക്കുന്ന പരാതികളിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ, റിസോർട്ടുകൾ എന്നിവ ഉൾപ്പെടെയുള്ള മറ്റു സ്ഥാപനങ്ങളിലും നിരീക്ഷണവും പരിശോധനയും ഊർജ്ജിതമായി നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**